(ഡി) സംസ്ഥാനത്ത് ഏതെല്ലാം ചരിത്ര സ്മാരകങ്ങൾക്ക് ഇപ്പോൾ ഗ്രാന്റ് നൽകി വരുന്നു;

(ഇ) ചരിത്രസ്മാരകങ്ങൾ സൂക്ഷിക്കുന്നതിന് വാച്ചർമാരേയും ഗൈഡുമാരേയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കുന്നതിന് ടൂറിസ്റ്റുകൾക്ക് അനുവാദം നൽകുമോ;

(ജി) സംസ്ഥാനത്ത് ഇപ്പോൾ ഏതൊക്കെ ചരിത്ര സ്മാരകങ്ങളാണ് സംരക്ഷിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ ചരിത്ര സ്മാരകങ്ങളിൽ ദേശീയ പ്രാധാന്യമുള്ളവയല്ലാത്ത പ്രാചീന സ്മാരകങ്ങളും, പുരാവസ്തു സങ്കേതങ്ങളും, പുരാവശിഷ്ടങ്ങളും, വിശദമായ പഠനം നടത്തി, ആവശ്യമെന്നു കണ്ടാൽ 1968-ലെ 'കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്' പ്രകാരം സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് സംരക്ഷിച്ചു വരുന്നു. ഇത് സംബന്ധിച്ച് ഒരു പൈതൃക സംരക്ഷണ നിയമം പുതിയതായി കൊണ്ടുവരുന്ന കാര്യവും ആലോചനയിൽ ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംരക്ഷിത സ്മാരകങ്ങളിൽ അവയുടെ ചരിത്ര പശ്ചാത്തലം സൂചിപ്പിക്കുന്ന ആലേഖനങ്ങൾ ഉൾക്കൊള്ളിക്കാറുണ്ട്.

(ഡി) സംരക്ഷിത സ്മാരകങ്ങൾക്കൊന്നും സർക്കാരിൽനിന്നും ഗ്രാന്റ് നൽകുന്നില്ല.

(ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ടൂറിസ്റ്റുകൾക്ക് അനുവാദം നൽകിവരുന്നുണ്ട്.

(ജി) സംസ്ഥാനത്ത് ഇപ്പോൾ 84 സ്മാരകങ്ങൾ സംരക്ഷിച്ചുവരുന്നുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

15 (*245) തരിശുഭൂമി വികസന പരിപാടി

ശ്രീ. സത്യൻമൊകേരി :
പ്രൊഫ. മീനാക്ഷിതമ്പാൻ :
ശ്രീ. പി. രാജു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരിശുഭൂമിവികസന പരിപാടികൾക്ക് ദേശീയ തരിശുഭൂമി വികസന ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

† അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എത്രലക്ഷം രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിപ്രകാരം ഏതെല്ലാം ജില്ലകളിൽ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) 1784.81 ലക്ഷം രൂപയുടെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചത്.

(സി) തരിശുഭൂമി വികസന പരിപാടി മലപ്പുറം, പാലക്കാട്, വയനാട്, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പാക്കുന്നതിനാണ് അനുമതി ലഭിച്ചത്. ഇതിൽ പാലക്കാട് ജില്ലയിൽ രണ്ടും, മറ്റു നാലു ജില്ലകളിൽ ഓരോ പദ്ധതികളുമാണ് നടന്നുവരുന്നത്. തരിശുഭൂമി വികസന പരിപാടിയിൽ അനുമതി ലഭിച്ചിട്ടുള്ള അഞ്ചു ജില്ലകളിലും വനവൽക്കരണം, വനഭൂമികളുടെ പുനരുദ്ധാരണം, പരിസ്ഥിതി സംരക്ഷണത്തോടുകൂടിയ നീർമറി വികസനം, മണ്ണു സംരക്ഷണം മുതലായ പരിപാടികളാണ് നടപ്പാക്കുന്നത്.

16 (*246) ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണത്തിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ശുദ്ധജല പദ്ധതികളുടെ വിവരവും അവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുക എത്രയാണെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ;

(ഡി) പല പദ്ധതികളുടെയും നിർമ്മാണത്തിൽ വളരെയേറെ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കാലതാമസം ഒഴിവാക്കി ഓരോ പദ്ധതിയും സമയബന്ധിതമായി പൂർത്തിയാക്കാൻ ഉന്നതതലത്തിൽ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

LIBRARY ARCHIVES Kerala Legislative Assembly